# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം– 686560

ഫോൺ: 0481–2733370


## വാർത്താക്കുറിപ്പ്

**2024 ഡിസംബർ 6**

---

## അന്തർ സംസ്ഥാന കുടിയേറ്റത്തെക്കുറിച്ച് ഗൗരവതരമായ പഠനം വേണം–ദേശീയ സെമിനാർ

ഇന്ത്യയിലെ അന്തർ സംസ്ഥാന കുടിയേറ്റത്തെക്കുറിച്ച് ഗൗരവതരമായ പഠനം അനിവാര്യമാണെന്ന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ ആരംഭിച്ച ദ്വിദിന ദേശീയ സെമിനാറിൽ പ്രഭാഷണം നടത്തിയ വിദഗ്ധർ നിർദേശിച്ചു. അന്തർ സംസ്ഥാന കുടിയേറ്റം ; വെല്ലുവിളികളും അവസരങ്ങളും എന്ന വിഷയത്തിലുള്ള സെമിനാർ വൈസ് ചാൻസലർ ഡോ. സിടി. അരവിന്ദകുമാർ ഉദ്ഘാടനംചെയ്തു. സർവലകലാശാലയിലെ സെന്റർ ഫോർ മൈഗ്രേഷൻ പോളിസി ഈ മേഖലയിൽ നടത്തുന്ന വിദ്യാർഥി കേന്ദ്രീകൃത ഇടപെടലുകൾ മാതൃകപരമാണെന്ന് അദ്ദേഹം പറഞ്ഞു.

അന്തർ സംസ്ഥാന കുടിയേറ്റത്തെക്കുറിച്ചുള്ള വ്യക്തമായ കണക്കുകളോ ആധികാരിക പരാമർശങ്ങളോ ദേശീയ നയ രേഖകളിലും കണക്കെടുപ്പുകളിലും ഇല്ലാത്ത സാഹചര്യം പുനഃപരിശോധിക്കപ്പെടേണ്ടതുണ്ടെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച കുടിയേറ്റ പഠന വിദഗ്ദനും ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈഗ്രേഷൻ ആൻഡ് ഡെവലപ്മെന്റ് ചെയർപേഴ്സണുമായ പ്രഫ എസ്. ഇരുദയ രാജൻ   പറഞ്ഞു.

കുടിയേറ്റ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് അധികാരികൾ പ്രത്യേക ജാഗ്രത പുലർത്തണമെന്നും ഈ മേഖലയിലെ പഠനങ്ങളിലും ഇത്തരമൊരു സമീപനത്തിന്റെ അനിവാര്യത പ്രതിഫലിക്കേണ്ടതുണ്ടെന്നും  ഡൽഹി സർവകലാശാലയിലെ പൊളിറ്റിക്കൽ സയൻസ് പ്രൊഫസർ നസ്രിൻ ചൗധരി നിർദേശിച്ചു. കുടിയേറ്റം കേവല സാമ്പത്തികാരണങ്ങളിൽ കേന്ദ്രീകൃതമായ പ്രക്രിയ മാത്രമല്ലെന്ന് ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ സർവകലാശാലയിലെ ഡോ. സദാനന്ദ സാഹു ചൂണ്ടിക്കാട്ടി.

സംസ്ഥാന കേരള ആസൂത്രണ ബോർഡ് അംഗം ഡോ. രവി രാമൻ, സെന്റർ ഫോർ മൈഗ്രേഷൻ പോളിസി ആന്റ് ഇൻക്ലൂസീവ് ഗവണൻസ് ചെയർ പേഴ്സൺ

ഡോ. എം.വി. ബിജുലാൽ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടി ഡിസിപ്ലിനറി പ്രോഗ്രാം ഇൻ സോഷ്യൽ സയൻസസ് ജോയിന്റ് ഡയറക്ടർ ഡോ. പി.പി. നൗഷാദ്, ഡോ. എസ്. സുനിത എന്നിവർ സംസാരിച്ചു. സെമിനാർ ഇന്ന്(നവംബർ 7) സമാപിക്കും.

(പി.ആർ.ഒ/39/1111/2024)

## ഊർജ്ജ ഗവേഷണത്തിന് എം.ജിക്ക് പിന്തുണ വാഗ്ദാനം ചെയ്ത് പ്രൊഫ. ആൻജ്ജ് സീഹു

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ നൊബേൽ സമ്മാന ജേതാക്കളായ ജോൺ ബി ഗുഡ്നൗഫ്, എം. സ്റ്റാൻലി വിറ്റിംഗ്ഹാം, അകിര യോഷിനോ എന്നിവരുടെ പേരിലുള്ള ചെയറിൽ ചെയർ പ്രഫസറായി ഫ്രാൻസിലെ ഐ.എം.ടി മൈൻസ് ആൽബി സർവകലാശാലയിലെ പ്രൊഫ. ആൻജ്ജ് സീഹുവിനെ പുനർനിയമിച്ചു.

ചെയറിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ജൈവ സ്രോതസുകളിൽനിന്നുള്ള സർക്കുലാർ കാർബൺ അലോട്രോപ്പുകളെക്കുറിച്ച് സംഘടിപ്പിച്ച സെമിനാർ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു.

സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് ഡയറക്ടർ പ്രഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. പരിപാടിയിൽ ഓൺലൈനിൽ പങ്കെടുത്ത പ്രൊഫ. ആൻജ്ജ് സീഹു സർവകലാശാലയുടെ ഊർജ്ജമേഖലയിലെ ഗവേഷണങ്ങൾക്കും ആഗോള സഹകരണത്തിനും പിന്തുണ വാഗ്ധാനം ചെയ്തു. സെമിനാർ കോ-ഓർഡിനേറ്റർ ഐശ്വര്യ അനിൽ സംസാരിച്ചു.

(പി.ആർ.ഒ/39/1112/2024)

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ ബിവോക്ക് (2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് പുതിയ സ്കീം) പരീക്ഷകൾ ഡിസംബർ 31 മുതൽ നടക്കും.

(പി.ആർ.ഒ/39/1113/2024)

## പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എംഎ ഹിസ്റ്ററി (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 20 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ studentportal.mgu.ac.in എന്ന ലിങ്കിൽ.

(പി.ആർ.ഒ/39/1114/2024)

**<u>പ്രാക്ടിക്കൽ</u>**

അഞ്ചാം സെമസ്റ്റർ ബിവോക്ക് സ്പോർട്സ് ന്യൂട്രിഷൻ ആന്റ് ഫിസിയോതെറാപ്പി (2022 അഡ്മിഷൻ റഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് പുതിയ സ്കീം ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 13ന് പാലാ അൽഫോൻസാ കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1115/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**